കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

## മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

## 2017-18ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksadkerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ .എം.പി.എം.22/584/2019

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.
തീയതിः 25/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം / (പെർഫോമൻസ് ഓഡിറ്റ് )

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4) കാര്യാലയ പകർപ്പ്.
എബികെ

നം കെ.എസ്.എ.എം.പി.എം.22/584/2019

തീയ്യതി: 25/03/2019

മലപ്പുറം ജില്ലയിലെ, മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 28.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അജിത്ത് .ആർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.03.2019 മുതൽ 19.03.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 01 | ശ്രീ. അബ്ദുൽ ജലീൽ ടി.പി | ഓഡിറ്റ് ഓഫീസർ |
| 02 | ശ്രീ. സക്കീർ ഹുസൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 03 | ശ്രീ. സന്തോഷ് പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 04 | ശ്രീ. അമീൻ ഫൈസൽ ടി.ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഹബീബ കരുവള്ളി | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | സി.പി.രാജീവൻ | 01-04-2017 മുതൽ 02-05.2017 വരെ<br>10-07-2017 മുതൽ 31-03-2018 വരെ |
| | രാകേഷ് മോഹൻ എം,<br>ഹെഡ് ക്ലാർക്ക്<br>[സെക്രട്ടറി – ഇൻ- ചാർജ്] | 3-05-2017 മുതൽ 09-07-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. പ്രേമലത | 1-04-2017 മുതൽ 31-03-2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. മുജീബ് റഹ്മാൻ. പി.എം. | 1-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റജീന.കെ. | 1-04-2017 മുതൽ 14-04-2017 വരെ |
| | ശ്രീമതി. രഞ്ജിത പി | 15-04-2017 മുതൽ 03-05-2017 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. ഷുഹൈബ് തൊട്ടിയാൻ | 04-05-2017 മുതൽ 08-09-2017 വരെ |
| | ശ്രീമതി. ഇന്ദു പി | 09-09-2017 മുതൽ 27-09-2017 വരെ |
| | ശ്രീമതി. ജസീന പി | 28-09-2017 മുതൽ 06-11-2017 വരെ |
| | ശ്രീ. ഉണ്ണികൃഷ്ണൻ ആർ | 07-11-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ബിന ശശിധരൻ | 01-04-2017 മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ. സജിത്ത് | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മാജിദ ഹൈദർ അലി | 01-04-2017 മുതൽ 31-03-2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അജിന.കെ. | 01-04-2017 മുതൽ 31-03-2018വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സരള.എം.സി. | 01-04-2017 മുതൽ 31-03-2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. യൂസഫ് അറക്കൽ | 01-04-2017 മുതൽ 31-03-2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. നസീമ.കെ. | 01-04-2017 മുതൽ 31-03-2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷികധനകാര്യപത്രിക | |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ | |
| 9 | 1-9 | ക്യാഷ് പരിശോധന | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ | |
| ഭാഗം 2 | | | |
| 13 | 2-1 | 13/219/A-B; കെട്ടിട നമ്പർ അനുവദിച്ചത് ക്രമ പ്രകാരമല്ല. | |
| 14 | 2-2 | കെട്ടിട നമ്പർ II/349/A-C: അപാകതകൾ പരിഹരിക്കേണ്ടതാണ്. | |
| 15 | 2-3 | വസ്തു നികുതി അസസ്മെന്റ്- കെട്ടിട നമ്പർ 11/529/BU – CO | |
| ഭാഗം 3 | | | |
| 16 | 3-1 | വർക്ക് നടക്കാത്ത ദിവസങ്ങൾക്ക് തുക അനുവദിച്ചു. | |
| 17 | 3-2 | ഡെപ്പോസിറ്റ് വർക്കുകൾ- പൂർത്തീകരണ രേഖകൾ ഇല്ല. | |
| 18 | 3-3 | സർവീസ് ടാക്സ് കുറവ് ചെയ്യാതെ തുക നൽകി | |
| 19 | 3-4 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | |
| 20 | 3-5 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല. | |
| 21 | 3-6 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല. | |
| 22 | 3-7 | റോഡ് കോൺക്രീറ്റ് വർക്കുകൾ- തൊഴിലുറപ്പ് മേഖലയുടെ സാധ്യതകൾ | |
| 23 | 3-8 | റോഡ് വർക്കുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. | |
| 24 | 3-9 | ജി.എസ്.ടി ഉൾപ്പെടുത്തി വർക്ക് ബില്ലുകൾ തയ്യാറാക്കി. | |
| 25 | 3-10 | ഭാഗികമായി പ്രവൃത്തി നിർവഹിക്കുന്നു. | |
| 26 | 3-11 | വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ | |
| 27 | 3-12 | മരുന്ന് വാങ്ങൽ- അപാകതകൾ. | |
| 28 | 3-13 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ഒരേയിനം വാങ്ങലുകൾ വിവിധ പദ്ധതികളായി നടപ്പിലാക്കുന്നു. | |
| 29 | 3-14 | വാഹന ഇൻഷ്വറൻസ് അധികം അടച്ചു | |
| 30 | 3-15 | മരുന്നുകൾ ലഭ്യമായില്ല. | |
| 31 | 3-16 | ക്ഷീരസംഘം വഴിയുള്ള പാലിന് സബ്സിഡി രേഖകൾ ഹാജരാക്കിയില്ല. | |
| ഭാഗം 4 | | | |
| 32 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | |
| 33 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | |
| 35 | 4-4 | വായ്പ / വായ്പാതിരിച്ചടവ് | |

| | | | |
|---|---|---|---|
| 36 | 4-5 | സ്ഥിര നിക്ഷേപം | |
| 37 | 4-6 | ഓഡിറ്റ് റിക്കവറി | |
| 38 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | |
| 39 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 42 | 5-1 | അനുബന്ധം 1 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 17.04.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 to 26.06.2018 | കെ.എസ്.എ.എം.പി.എം/22/2250/2018 , 15.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7950567 |
| വരവ് | 46789536 |
| ആകെ | 54740103 |
| ചെലവ് | 51000231 |
| നീക്കിയിരിപ്പ് | 3739872 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7882000 | 7882000 | 6261617 | 1620833 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2360557 | 2360557 | 2307714 | 52843 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15524276 | 15524276 | 13586636 | 1937640 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3100680 | 3100680 | 2109377 | 991303 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 3970315 | 3970315 | 2683656 | 1286659 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (State) | | 0 | 491296 | 491296 | 417445 | 73851 |
| കെ.എൽ.എസ്.ജി.ഡി.പി (Central) | | 0 | 1120858 | 1120858 | 1086340 | 34518 |
| ദുരിതാശ്വാസനിധി | | 3967 | 201 | 4168 | - | 4168 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 8199498 | 8199498 | 8199498 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4833 | 941993 | 946826 | 941622 | 5204 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (TSC) | | 886206 | 1544242 | 2430448 | 447491 | 1982957 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1377500 | 1377500 | 1316786 | 60714 |
| | ജില്ലാ പഞ്ചായത്ത് | | 277500 | 277500 | 277500 | 0 |
| ബി ഫണ്ട് | | 0 | 18986220 | 18986220 | 18986220 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4047346 | 5796000 | 9843346 | 9671314 | 172032 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2787984 | 484664 | 3276615 | 1636222 | 1636225 |
| SBT C 150 | | 96234 | 0 | 96234 | 96234 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 51315312 | 181 | 34597314 | 71 | - | 70.70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4833 | 941993 | 946826 | 941622 | 5204 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 8199498 | 8199498 | 8199498 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22320 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 2040800 | 221 |
| വിധവാപെൻഷൻ | 6877600 | 773 |
| വാർദ്ധക്യകാലപെൻഷൻ | 6774700 | 700 |
| വികലാംഗപെൻഷൻ | 2519000 | 300 |
| വിവാഹ ധനസഹായം | 420000 | 14 |
| വിവാഹ ധനസഹായം (50 വയസ്സിന് മുകളിലെ വിധവകളുടെ പെൺമക്കളുടെ മക്കളുടെ) | 112800 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ അതത് ദിവസം ബാങ്കിൽ അടവാക്കുകയാണ്. നീക്കിയിരുപ്പ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾതാഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

4)മെമ്പർമാർ/ജീവനക്കാർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.

5) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

7) മെഡിക്കൽ ഓഫീസർ,വെറ്റിനറി സർജൻ എന്നിവരുടെ കാഷ് ബുക്ക് ടിആർ7 രൂപത്തിലുള്ളതല്ല.കൂടാതെ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഡയറി ഫാംഇൻസ്പെക്ടർ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2019- 26.02.2019 | 01/2019 | 26.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.05.2006- 28.05.2006 | 1997-98 to 2005-06 | 21.06.2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നിയമങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. സംയുക്ത പ്രൊജക്ടുകളുടെ നീക്കിയിരുപ്പ് [40(b)] ബാലൻസ് ഷീറ്റിലെ ബാധ്യതയുമായി (B4) പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 13/219/A-B; കെട്ടിട നമ്പർ അനുവദിച്ചത് ക്രമ പ്രകാരമല്ല.

| | |
|---|---|
| ഉടമയുടെ വിവരം | രാധാകൃഷ്ണൻ, പുന്നക്കാട്ടുപറമ്പിൽ വീട്, വടക്കാങ്ങര പി.ഒ |
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | Bp/02/2012-13 dated 27.02.2012 [160 $m^2$] |
| വിസ്തീർണം (പൂർത്തീകരണം) | 163.9 $m^2$ |

| | |
|---|---|
| കൈവശ ഗണം | F |
| അസസ്സ്മെന്റ് തിയ്യതി | 19.07.2017 |

മേൽ കെട്ടിടത്തിന് നികുതി ചുമത്തി [demand no. 14739 & 14740] കെട്ടിട നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല.

മേൽ കെട്ടിടത്തിന് 27.02.2012 ലെ Bp/02/2012-13 നമ്പർ ബിൽഡിംഗ് പെർമിറ്റ് നൽകുകയും 18.07.2016 ൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിച്ച് തരുന്നതിന് അപേക്ഷ നൽകുകയും [ inward no 2011] ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 26.02.2015 -ന് അവസാനിച്ചിട്ടുണ്ടെങ്കിലും സമയ ബന്ധിതമായി കാലാവധി പുതുക്കുകയോ നീട്ടുകയോ ചെയ്തിട്ടില്ല. ക്രമവൽക്കരണ ഫീസ് [ 163.9 * 10 = 16390/-] ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചത് ക്രമപ്രകാരമല്ല.

2. വസ്തു നികുതി ബാക്ക് അസസ്സ്മെന്റ് നടത്തിയില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് [വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും] ചട്ടങ്ങൾ, ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ, കെട്ടിടം ഉപയോഗപ്പെടുത്തുകയോ ചെയ്ത തിയ്യതി മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. Appendix E, Appendix F എന്നിവ പ്രകാരം 15.06.2016 -ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണെന്ന് 23.06.2016- ൽ എൻജിനീറിംഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 ഒന്നാം അർദ്ധ വർഷം മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന് 2016-17 ഒന്നാം അർദ്ധ വർഷം മുതലുള്ള നികുതി ഈടാക്കാത്തതുമൂലം ചുവടെ ചേർക്കും പ്രകാരം 5755/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്ര.ന | കെട്ടിട നമ്പർ | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|
| 1 | 13/219/A | 2951 |
| 2 | 13/219/B | 2804 |
| ആകെ | | 5755 |

ക്രമ വൽക്കരണ ഫീസ്, വസ്തു നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 8/2019 മറുപടി ലഭ്യമാക്കിയിട്ടില്ല].

## 2-2 കെട്ടിട നമ്പർ II/349/A-C: അപാകതകൾ പരിഹരിക്കേണ്ടതാണ്.

| | |
|---|---|
| ഉടമയുടെ വിവരം | മാനേജർ, AMLPS, കാച്ചിനിക്കാട്. |
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | 19/2010-11 dated 13.05.2010 [200 $m^2$]<br>Renewed up to 12.05.2019 |
| വിസ്തീർണം (പൂർത്തീകരണം) | 558.78 $m^2$ |
| കൈവശ ഗണം | B |
| അസസ്സ്മെന്റ് തിയ്യതി | 02.06.2017 |

മേൽ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല.

മേൽ ബിൽഡിംഗ് പെർമിറ്റ് പ്രകാരം 200 $m^2$ വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ കംപ്ലീഷൻ പ്ലാൻ / അസി. എൻജിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം 558.78 $m^2$ നിർമ്മാണം നടത്തിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റിൽ നിന്നും അധികരിച്ച നിർമ്മാണത്തിന് റെഗുലറൈസേഷൻ ഫീസ് ഈടാക്കാതെ നമ്പർ അനുവദിച്ചത് ക്രമ പ്രകാരമല്ല.

2. നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിഗണിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം ഒരു പ്ലോട്ടിലെ നിലവിലുള്ളതും, പുതുതായി നിർമ്മിക്കുന്നതുമായ മുഴുവൻ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം എന്നിവ പരിഗണിച്ചാണ് കവറേജ്, എഫ്.എ.ആർ, പാർക്കിംഗ് എന്നിവ കണക്കാക്കേണ്ടത്. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം [അസി. എൻജിനീയറുടെ

റിപ്പോർട്ട് പ്രകാരം 344.94 $m^2$] പരിഗണിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

*[ഓഡിറ്റ് എൻക്വയറി 09/2019- മറുപടി ലഭ്യമാക്കിയിട്ടില്ല]*

## **2-3** വസ്തു നികുതി അസസ്മെന്റ്- കെട്ടിട നമ്പർ **11/529/BU – CO**

ശ്രീ. മുജീബ് റഹ്മാൻ, കുറ്റീരി വീട്, വടക്കാങ്ങര എന്നയാൾ നിലവിലെ രണ്ടാം നിലയുടെ [Second Floor] മുകളിലെ നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന്ന് 19.02.2019 -ലെ A7/591/19 പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയും, രണ്ടാം നിലയുടെ അസസ്മെന്റ് ഫയലും പരിശോധിച്ചതിൽ രണ്ടാം നിലയിലെ 11/529/BU മുതൽ 11/529/CO കൂടിയ 20 മുറികൾക്ക് പാർപ്പിടാവശ്യം [കൈവശ ഗണം A1] എന്ന കൈവശ ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് [അസസ്മെന്റ് തിയ്യതി 27.05.2015]. ഒരു മുറിയും ബാത്ത് റൂമും മാത്രം ഉൾപ്പെടുന്ന മേൽ കെട്ടിടങ്ങളെ ലോഡ്ജ് [കൈവശ ഗണം A2] ഇനത്തിൽ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല. തെറ്റായ വസ്തു നികുതി നിർണ്ണയം മൂലം 81328 രൂപയുടെ നഷ്ടം നാളിതുവരെ പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | വിസ്തീർണം [$m^2$] | ചുമത്തിയ വസ്തു നികുതി [(@ Rs 3/-per $m^2$)+ 20 വർദ്ധനവ്] | ചുമത്തേണ്ട വസ്തു നികുതി [(@ Rs 20/-per $m^2$)+ 20 വർദ്ധനവ്] | കുറവ് |
|---|---|---|---|---|---|
| 1 | 11/529/BU | 57 | 206 | 1368 | 1162 |
| 2 | 11/529/BV | 39 | 141 | 936 | 795 |
| 3 | 11/529/BW | 56.5 | 204 | 1356 | 1152 |
| 4 | 11/529/BX | 57 | 206 | 1368 | 1162 |
| 5 | 11/529/BY | 63 | 227 | 1512 | 1285 |
| 6 | 11/529/BZ | 73.6 | 265 | 1767 | 1502 |
| 7 | 11/529/CA | 78 | 281 | 1872 | 1591 |
| 8 | 11/529/CB | 44 | 159 | 1056 | 897 |
| 9 | 11/529/CD | 44 | 159 | 1056 | 897 |
| 10 | 11/529/CE | 44 | 159 | 1056 | 897 |
| 11 | 11/529/CF | 47 | 170 | 1128 | 958 |
| 12 | 11/529/CG | 49 | 177 | 1176 | 999 |
| 13 | 11/529/CH | 49 | 177 | 1176 | 999 |
| 14 | 11/529/CI | 49 | 177 | 1176 | 999 |
| 15 | 11/529/CJ | 49 | 177 | 1176 | 999 |
| 16 | 11/529/CK | 40 | 144 | 960 | 816 |
| 17 | 11/529/CL | 40 | 144 | 960 | 816 |
| 18 | 11/529/CM | 40 | 144 | 960 | 816 |
| 19 | 11/529/CN | 39 | 141 | 936 | 795 |
| 20 | 11/529/CO | 39 | 141 | 936 | 795 |
| ആകെ | | | | | 20332 |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം 2015-16 ഒന്നാം അർദ്ധ വർഷം മുതൽ 2018-19 രണ്ടാം വർഷം വരെ ആകെ 81328/- രൂപയുടെ [20332*4] നഷ്ടം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്. 2015-16 ഒന്നാം അർദ്ധ വർഷം മുതൽ 2018-19 രണ്ടാം വർഷം വരെയുള്ള നഷ്ടം ലൈബ്രറി സെസ്സ് സഹിതം ഈടാക്കേണ്ടതും, 2019-20 മുതലുള്ള ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. [ ഓഡിറ്റ് എൻക്വയറി നമ്പർ 19/19.03.2019]

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വർക്ക് നടക്കാത്ത ദിവസങ്ങൾക്ക് തുക അനുവദിച്ചു.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ സ്പിൽ ഓവർ പ്രോജക്റ്റാണ് 81/18 പേഴും പറമ്പ് കുടിവെള്ള പദ്ധതിയുടെ കിണർ നിർമാണം എന്ന പ്രോജക്റ്റ്. ഗുണഭോക്ത സമിതി മുഖേന നിർവഹണം നടത്തിയ പ്രോജക്റ്റിന്റെ കൺവീനർ അബ്ദുൽ നാസർ എന്ന വ്യക്തിയാണ്. ലോക ബാങ്ക് വിഹിതം 50000 രൂപയും തനത് ഫണ്ട് 50000 ഉൾപ്പെടെ ഒരു ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കിണർ നിർമാണം, വെൽ സ്റ്റെനിങ്ങ് എന്നിവയാണ് ഉൾപെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ നിർവഹണത്തിനായി ബിൽ 29/11.09.2017 പ്രകാരം അൻപതിനായിരം രൂപയും ചെക്ക് 3335154/4.10.2017 പ്രകാരം 47433 രൂപയും പിൻവലിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.അളവ് പുസ്തകം 73/17-17 പ്രകാരം 28/04/17, 29/04/17, 02/05/17 03/05/17, 04/05/17, 05/05/17, 06/05/17, 08/05/17, 09/05/17, 10/05/17, 11/05/17 എന്നീ ദിവസങ്ങളിൽ അഞ്ച് എച്ച്.പി മോട്ടോർ ഉപയോഗിച്ച് എട്ട് മണിക്കൂർ വീതം വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കുന്നതായി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങൾക്ക് ശേഷമാണ് കിണർ നിർമാണ പ്രവൃത്തി ആരംഭിക്കുന്നത് എന്ന് മസ്റ്റർ റോൾ പരിശോധനയിൽ വ്യക്തമാവുന്നു. നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കേണ്ട സാഹചര്യം വരുന്നില്ല എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം DSR 50.2.3.1 കോഡ് പ്രകാരം 88 മണിക്കൂർ 165.05/hrs നിരക്കിൽ കൺവീനർക്ക് അനുവദിച്ച തുക 14524 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

2.ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള മസ്റ്റർ റോൾ പ്രകാരം 13/05/17, 14/05/2017, 15/05/2017 ദിവസങ്ങളിൽ 44 തൊഴിലാളികൾ കിണർ നിർമാണ പ്രവൃത്തിയിൽ ജോലി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് എപ്രകാരം സാധ്യമായി എന്ന് വ്യക്തമല്ല. തുടർന്ന് 27/05/2017, 28/05/2017 ദിവസങ്ങളിൽ പത്ത് തൊഴിലാളികളും, 03/06/2017, 04/06/2017, 06/06/2017, 07/06/2017, 08/06/2017 ദിവസങ്ങളിൽ അഞ്ച് തൊഴിലാളികൾ വീതവും ജോലി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്ത സമിതികൾ മുഖേന നിർവഹിക്കുന്ന പ്രവൃത്തികളുടെ അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ. എന്നാൽ മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ പരിശോധനാ വിധേയമാക്കാതെ കൺവീനർക്ക് തുക നൽകിയ നടപടി ക്രമത്തിലല്ല.

3.അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 13.5 മീറ്റർ ആഴത്തിൽ ($8^{th}$ depth) കിണർ കുഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജല ലഭ്യത സംബന്ധിച്ച് യാതൊരു പരാമർശവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4.കിണർ കുഴിക്കുന്നത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. മുംതാസ് കാവുങ്ങൽ എന്ന വ്യക്തിയുടെ സ്ഥലത്താണ് ഭൂജല വകുപ്പ് സർവെ നടത്തി വെള്ളം ലഭ്യമാവും എന്ന് വിലയിരുത്തിയ സ്ഥലം. എന്നാൽ ഈ വ്യക്തിയിൽ നിന്ന് കിണർ നിർമാണത്തിന് ആവശ്യമായ സ്ഥലം പഞ്ചായത്തിന് വിട്ട് കിട്ടാൻ നടപടി സ്വീകരിച്ചതായി വ്യക്തമല്ല. ഭൂമി വിട്ടൊഴിയൽ ഫോറം പോലും സ്ഥല ഉടമയിൽ നിന്ന് വാങ്ങിയിട്ടില്ല എന്ന് കാണുന്നു.
അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. ക്രമ നമ്പർ (1) ൽ പരാമർശിച്ച തുക തിരിച്ചടക്കേണ്ടതാണ്. അവശേഷിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 3-2 ഡെപ്പോസിറ്റ് വർക്കുകൾ- പൂർത്തീകരണ രേഖകൾ ഇല്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ താഴെ രേഖപ്പെടുത്തിയ ഡേപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണ വിനിയോഗ വിവരം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | ബിൽ നമ്പർ | തുക | ഏജൻസി |
|---|---|---|---|
| 232/18 വിവിധ അംഗനവാടികൾക്ക് കുടിവെള്ളം | 78/26.02.2018 | 157740 | ഭൂജല വകുപ്പ്, മലപ്പുറം |
| 229/18 പാറക്കടവ് പൈപ്പ് ലൈൻ പുനരുദ്ധാരണം | 70/17.01.2018 | 40000 | വാട്ടർ അതോറിറ്റി ,പി.എച്ച്.ഡിവിഷൻ , മലപ്പുറം |
| 79/18 MPGUP സ്കൂളിൽ കുഴൽ കിണർ നിർമിച്ച് കുടിവെള്ള സൌകര്യം ഒരുക്കൽ | 56/23.10.2017 | 42890 | ഭൂജല വകുപ്പ്, മലപ്പുറം |
| 48/18 വിവിധ അംഗനവാടികൾക്ക് | 55/23.10.2017 | 123570 | ഭൂജല വകുപ്പ്, മലപ്പുറം |

| | | | |
|---|---|---|---|
| കുടിവെള്ളം ഏർപ്പെടുത്തൽ | | | |
| 64/18 വിവിധ സ്ഥാപനങ്ങൾക്ക് കുടിവെള്ളം ഏർപ്പെടുത്തൽ | 15/30.06.2017 | 75000 | ഭൂജല വകുപ്പ്, മലപ്പുറം |

മേൽ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കേണ്ടതാണ്.

## 3-3 സർവീസ് ടാക്സ് കുറവ് ചെയ്യാതെ തുക നൽകി

പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റ് മതിൽ എന്ന അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 50/2018പ്രോജക്ട് സ്പിൽ ഓവറായിട്ടാണ് നിർവഹിക്കുന്നത്. റോഡിതര മെയിന്റനൻസ് ഫണ്ട് ഒരു ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. ആലി. കെ എന്ന കൺവീനറാണ് പ്രവൃത്തി നിർവഹിക്കുന്നത്. ബിൽ 04/29.06.2017 പ്രകാരം 93546 രൂപ പിൻവലിച്ച് കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക.DSR 2014, Cost Index 36.19 പ്രകാരമുള്ളതാണ് എസ്റ്റിമേറ്റ്. ഇതിൽ 9406 രൂപ സർവീസ് ടാക്സിനായി വകയിരുത്തിയതാണ്. 1014 രൂപ ലംപ്സം ആയും ഉൾപെടുത്തിയിട്ടുണ്ട്. 43/16-17 അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം- 93596 രൂപ

വാറ്റ്- 4680 രൂപ

ആദായ നികുതി- 1872 രൂപ

വെൽഫയർ ഫണ്ട്- 936 രൂപ

കൺവീനർക്ക് നൽകുന്നത്- 86108 രൂപ

എസ്റ്റിമേറ്റ് പി.എ.സി തുകയായ 98986 രൂപയിൽ നിന്ന് വകയിരുത്തിയ സർവീസ് ടാക്സ് കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു. കൺവീനർക്ക് അർഹമായ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം- 93596 രൂപ

പരിമിതപ്പെടുത്തുന്നത്- 89580 രൂപ

(-) വാറ്റ് - 4479 രൂപ

(-) ആദായ നികുതി- 1792 രൂപ

(-)വെൽഫയർ ഫണ്ട്- 896 രൂപ

കരാറുകാരന് നൽകുന്നത്- 82413 രൂപ

സർവീസ് ടാക്സ് കൂടി ഉൾപെട്ട തുകയാണ് കൺവീനർക്ക് നൽകിയിട്ടുള്ളത് എന്ന് അളവ് പുസ്തകത്തിൽ നിന്നും കൺവീനർക്ക് തുക അനുവദിച്ച് കൊണ്ടുള്ള TR59(E) ബില്ലിൽ നിന്നും വ്യക്തമാവുന്നു. എസ്റ്റിമേറ്റിലെ ഇനം നാല് ഒഴികെയുള്ളവ എസ്റ്റിമേറ്റ് അളവിനേക്കാൾ അഞ്ച് ശതമാനം അധികം അനുവദിച്ചാണ് ബിൽ തുക പരിമിതപ്പെടുത്തിയിട്ടുള്ളത്. സർവീസ് ടാക്സ് ഇനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കുറവ് ചെയ്യാതെ തുക നൽകിയത് 3695 രൂപ കൺവിനർക്ക് അധികം നൽകാൻ ഇടയാക്കിയിട്ടുണ്ട് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

അതേസമയം 76/18 വെള്ളാട്ടുപറമ്പ് അംഗനവാടി അടിസ്ഥാന സൌകര്യം ഏർപെടുത്തൽ എന്ന പ്രോജക്ടിൽ എസ്റ്റിമേറ്റ് പി.എ.സി തുകയിൽ നിന്ന് സർവീസ് ടാക്സിനായി വകയിരുത്തിയ തുക കുറവ് ചെയ്ത് മാത്രമാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധേയമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-4 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 189 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 30422099 രൂപയാണ്. വകയിരുത്തിയ തുകയിൽ 17953848 രൂപ ചെലവഴിക്കാനായിട്ടുണ്ട്. ചെലവ് 59 ശതമാനം മാത്രമാണ്. (കൂടാതെ പതിനാല് ബില്ലുകളിലായി 2182201 രുപയുടെ പ്രോജക്ടുകൾ ക്യൂ ബിൽ ആവുകയും ചെയ്തിട്ടുണ്ട്.) ഏറ്റെടുത്ത പ്രോജക്ടുകളിൽ 67 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ ഏഴ് പ്രോജക്ടുകൾ സപിൽ ഓവർ പ്രോജക്ടുകളും അവശേഷിച്ച 60 പ്രവൃത്തികൾ തൻവർഷ പ്രോജക്ടുകളുമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ

ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 12468251 രുപ വകയിരുത്തിയ പ്രോജക്ടുകൾ ഓഡിറ്റ് വർഷം നിർവ്വഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവ്വഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ആകെ 13 വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. മാത്രമല്ല അധികം പ്രോജക്ടുകളും വളരെ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് എന്നത് ഈ വസ്തുത ബലപ്പെടുത്തുന്നു. ഇത് പ്രോജക്ടുകളുടെ നിർവ്വഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവ്വഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം പ്രവൃത്തി ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല .വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതീകൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷംതന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രയോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-5 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 77 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ ഏഴ് പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതീയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നില്ല. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൽ നടത്തേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ കരാറുകാർ മുഖേനയും ഗുണഭോക്ത സമിതി മുഖേനയുമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മിക്ക ടെണ്ടർ പ്രവൃത്തികളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരുകരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടാണ് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തത് കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കുന്നതായി വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി ഈ ടെണ്ടർ ഉൾപ്പെടെയുള്ള മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് എന്ന് ഓർമിപ്പിക്കുന്നു.

## 3-7 റോഡ് കോൺക്രീറ്റ് വർക്കുകൾ- തൊഴിലുറപ്പ് മേഖലയുടെ സാധ്യതകൾ

2017-18 വർഷത്തിൽ 122 മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുകയുണ്ടായി. ഇതിൽ പകുതിയോളവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ് എന്ന് കാണുന്നു. ഇതിൽ ഭൂരിഭാഗവും ചെറിയ ദൂരമുള്ള ഇടവഴികളും നടപ്പാതകളുമാണ്. വ്യാപകമായി റോഡ് കോൺക്രീറ്റ് വർക്കുകൾ ചെയ്യുന്നതായും കാണുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും 13 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളും, പുനരുദ്ധാരണവും (തൊഴിൽ ഘടകവും, സാധനഘടകവും 60:40 അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ) ഏറ്റെടുക്കാവുന്നതാണെന്ന് 2017-18 NREGS സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. NREGS മുഖേന ചെയ്യുന്ന കോൺക്രീറ്റ് റോഡുകൾക്ക് ചെലവ് വളരെ കുറവാണെന്ന കാണുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കൺവീനർ വർക്കായോ കരാർ വർക്കായോ ചെയ്യുന്ന റോഡ് കോൺക്രീറ്റ് വർക്കിന്റെയും NREGS മുഖേന ചെയ്യുമ്പോഴുള്ള ചെലവും താരതമ്യം ചെയ്യുന്ന പട്ടിക താഴെ കൊടുക്കുന്നു.

| ഇനം | അളവ് | കരാറുകാർ മുഖേന | | NREGS മുഖേന | |
|---|---|---|---|---|---|
| | | നിരക്ക് DSR 2016 40.2 Cost Index | തുക | നിരക്ക് | തുക |
| ക്വാറിമക്ക് നിരത്തൽ | 1/cum | 892.4/cum | 892.4 | 411.48/cum | 411.48 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 1/ cum | 6278.37/cum | 6278.37 | 4609.36/cum | 4609.36 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 1/ cum | 7685.69/cum | 7685.69 | 5790.76/cum | 5790.76 |
| | | | 14856.46 | | 10811.6 |
| വ്യത്യാസം | | | 4044.86 | | |

ഒരു ക്യൂബിക്ക് മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിൽ മാത്രം 4044.86 രൂപയുടെ കുറവ് തൊഴിലുറപ്പ് മുഖേന ചെയ്യുമ്പോൾ കിട്ടുന്നു എന്ന് വ്യക്തമാണ്. ഈ താരതതമ്യം വിശദമായി വിശകലനം ചെയ്യേണ്ടതും കോൺക്രീറ്റ് വർക്കുകൾ തൊഴിലുറപ്പ് മുഖേന ചെയ്യുന്നതിന്റെ സാധ്യത ഭരണസമിതി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന സാമ്പത്തിക മിച്ചം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പ് മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. പൊതുഫണ്ട് ചെലവഴിക്കുമ്പോൾ ഏറ്റവും ചെലവു കുറഞ്ഞ രീതി, ഫലപ്രാപ്തി, വസ്തുനിഷ്ഠത, സുതാര്യത എന്നിവ കണക്കിലെടുക്കേണ്ടതാണ്. പ്രൊജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ക്രിയാത്മകമായ സമീപനം ഉറപ്പാക്കേണ്ടതാണ്.

## 3-8 റോഡ് വർക്കുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

ആകെയുള്ള 122 പൊതു മരാമത്ത് പ്രവൃത്തികളിൽ 86 എണ്ണവും റോഡ് വർക്കുകളാണ്. സാധാരണയായി ഏകദേശം മുപ്പത് മീറ്റർ മാത്രമാണ് റോഡ് വർക്ക് ചെയ്ത് വരുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ പ്രവൃത്തിയുടെ ചെയിനേജ് കൃത്യമായി രേഖപ്പെടുത്തി വരുന്നില്ല.താരതമ്യേന കുറഞ്ഞ നീളം മാത്രമാണ് ഗ്രാമീണ റോഡുകൾക്ക് ഉള്ളത്. ചെയ്നേജ് രേഖപ്പെടുത്താതെ പ്രവൃത്തികൾ നിർവഹിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

റോഡ് പ്രവത്തികളുടെ എസ്റ്റിമേറ്റിൽ ചെയ്നേജ്, വാർഡ് നമ്പർ എന്നിവ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ജി.എസ്.ടി ഉൾപ്പെടുത്തി വർക്ക് ബില്ലുകൾ തയ്യാറാക്കി.

01.07.2017 ന് ശേഷമുള്ള കരാറുകാർ മുഖേന നിർവ്വഹിച്ച വർക്ക് ബില്ലുകളിൽ ജി.എസ്.ടി അടവാക്കുന്നതിനായി വർക്ക് ബില്ലിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷം വർക്ക് ബില്ലിൽ നിന്ന് ജി.എസ്.ടി ഇനത്തിൽ തുക കുറവ് ചെയ്യേണ്ടതില്ല എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. ഇപ്രകാരം ജി.എസ്.ടി തുക രേഖപ്പെടുത്തിയത് കാരണം ആദായ നികുതി, വെൽഫയർ ഫണ്ട് എന്നിവയിൽ കുറവ് വന്നതായി വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| വർക്ക് | വർക്ക് ബിൽ തയ്യാറാക്കിയത് | ബിൽ തയ്യാറാക്കേണ്ടത് |
|---|---|---|
| 178/18കാളാവ് രാമപുരം റോഡ് | Total value of work done 510776.38<br>Limitted to T.S Amount 490000<br>Net excluding GST 437500 | Total value of work done 510776.38<br>Limitted to T.S Amount 490000<br>Income tax 4900<br>Welfare fund 4900<br>Net amt to Contracor 480200 |

| | | |
|---|---|---|
| | Income tax 4375<br>Welfare fund 4375<br>Net amt to Contracor 428750<br>Add 6% for GST 26250<br>Add 6% SGST 26250<br>Gross to Contractor 481250 | |
| | വ്യത്യാസം | 1050 |

ഇപ്രകാരം ഒരു ലക്ഷം രൂപയിൽ 214 രൂപയുടെയും, രണ്ട് ലക്ഷം രൂപയുടെ വർക്കിൽ 428 രൂപയുടെയും , മൂന്ന് ലക്ഷം രൂപയുടെ വർക്കിൽ 642 രൂപയുടെയും കുറവ് വരുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. ഇപ്രകാരം 49 ബില്ലുകളിലായി 9901067 രൂപ ട്രഷറിയിൽ നിന്ന് മാറിയിട്ടുണ്ട് എന്ന് ബിൽ ബുക്ക്, വർക്ക് ഫയലുകൾ എന്നിവയുടെ പരിശോധനയിൽ വ്യക്തമാവുന്നു. തെറ്റായ രീതീയിൽ വർക്ക് ബിൽ തയ്യാറാക്കിയതിനാൽ ആദായ നികുതി 10604 രൂപയും വെൽഫയർ ഫണ്ട് 10604 രൂപയും കുറവ് വന്നതായി കാണുന്നു. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി മുഖേന അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-10 ഭാഗികമായി പ്രവൃത്തി നിർവഹിക്കുന്നു.

ഗ്രാമ പഞ്ചായത്ത് ഈ വർഷം ഏറ്റെടുത്ത ആകെ പ്രോജക്ടുകളിൽ 82 എണ്ണവും ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കൽ ഉള്ളവയാണ് എന്ന് കാണുന്നു. മിക്ക പ്രവൃത്തികളും ഭാഗികമായാണ് നിർവ്വഹിക്കുന്നത് എന്ന് വർക്ക് ഫയലുകളിൽ നിന്ന് വ്യക്തമാവുന്നു. അതിനാൽ തന്നെ അധിക പ്രവൃത്തികളും കുറഞ്ഞ അടങ്കൽ ഉള്ളവയാവുന്നു. ഒറ്റ പ്രവൃത്തിയും അഞ്ച് ലക്ഷം രൂപയോ അധികമോ അടങ്കൽ ഉള്ളവയില്ല. മാത്രമല്ല ഈ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഒറ്റ പ്രവൃത്തിയും നിർവഹണം നടത്തിയിട്ടുമില്ല. ഗ്രാമ പഞ്ചായത്തിനെ ഒരു യൂനിറ്റായി കണ്ട് പ്രോജക്ട് തയ്യാറാക്കണമെന്നാണ് സർക്കാർ നിർദേശമുള്ളത്. എന്നാൽ പഞ്ചായത്തിലെ ഒരു റോഡിനെ പോലും ഒരു യൂനിറ്റായി കണ്ട് അതിന്റെ സമഗ്രമായ പൂർത്തികരണം സാധ്യമാക്കാൻ ഭരണസമിതിക്ക് കഴിയുന്നില്ല എന്ന് വ്യക്തമാവുന്നു. ഭരണസമിതിയുടെ ഈ കാഴ്ച്ചപ്പാട് സാധൂകരിക്കുന്നതാണ് 35/2018 സ്പിൽ ഓവർ പ്രോജക്ട്. പോത്ത് കുണ്ട് നാല് സെന്റ് കോളനി സോളിങ്ങ് മാത്രം നിർവഹിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. വകയിരുത്തിയത് 50000 രൂപയും. ഇത്രയും ഭാഗം അതേ വർഷം തന്നെ ടാർ ചെയ്യുന്നതിന് ഫണ്ട് കണ്ടെത്തുകയോ, വകയിരുത്തുകയോ ചെയ്യാതിരുന്ന നടപടി അംഗീകരിക്കാനാവില്ല. ഇത്തരം പ്രവൃത്തികൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-11 വികസന കാര്യസ്ഥിരം സമിതിയുടെ പ്രവർത്തനം

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവ്വഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി 15തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുടസിൽ രേഖപ്പെടുത്തുന്നുണ്ട്. മിനട്സ് വിശദമായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രത്യകിച്ച് സാമ്പത്തിക വർഷാവസാനം നിർവ്വഹണം ആരംഭിക്കാതിരുന്ന പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.

പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങളിൽ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവ്വഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വികസന സ്ഥിരം സമിതി.

## 3-12 മരുന്ന് വാങ്ങൽ- അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

സ.ഉ(എം എസ്) നമ്പർ 4/2016 തസ്വഭവ തിരുവനന്തപുരം, തിയ്യതി 11.01.2016 , 11.7പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്തു വരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭിക്കുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി എം ഒ യിൽ നിന്ന് എൻ ഒ സി വാങ്ങിയതിനു ശേഷം ഔഷധിയിൽ നിന്ന് മരുന്നു വാങ്ങാവുന്നതാണ്.

പ്രോജക്ട് നമ്പർ 13/18പ്രകാരം ഔഷധിയിൽ നിന്ന് മരുന്നു വാങ്ങുന്നതിനായി 250000/- രൂപ ചെലവഴിക്കുകയും മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.(ട്രഷറി ബിൽ നംപർ 01/17-18/23-09-2017) എന്നാൽ ടി മരുന്നുകൾ വകുപ്പു മുഖേന വിതരണം ചെയ്യുന്നതിന് ലഭ്യമല്ലെന്ന സാക്ഷ്യപത്രത്തിനു പകരം മരുന്നുകൾ വാങ്ങുന്നതിന് മതിയായ തുക നൽകിയിട്ടില്ലെന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. നടപടിക്രമം പാലിക്കാതെ മരുന്നുകൾ വാങ്ങിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/14-3-19), "ഓരോ സ്ഥാപനങ്ങൾ ഇൻഡന്റ് ചെയ്യുന്ന ഓരോ മരുന്നുകളും ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമല്ല എന്ന NAC ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നൽകുന്നത് പ്രായോഗികമല്ലെന്ന" DMO യുടെ വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.ഈ വിശദീകരണം തൃപ്തികരമല്ല. ഡിപ്പാർട്ട്മെന്റ് മുഖേന മരുന്ന് ലഭ്യമാണോയെന്ന് വിശദമാക്കേണ്ടത് DMO തന്നെയാണ്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും മേൽ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ മാത്രം മരുന്ന് വാങ്ങുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-13 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ; ഒരേയിനം വാങ്ങലുകൾ വിവിധ പദ്ധതികളായി നടപ്പിലാക്കുന്നു.

2017-18 ൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വിവിധ നിർവ്വഹണോദ്യോഗസ്ഥർ താഴെ പറയും പ്രകാരം 9പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു.

| ക്ര നം | പദ്ധതി | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് | വിതരണം ചെയ്ത സ്ഥാപനം | അഭിപ്രായം |
|---|---|---|---|---|---|
| 1 | ഫ്രണ്ട് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ (130/18) | സെക്രട്ടറി | 85000 | പെൻഡ്രോൺ ഇൻഫോ സിസ്റ്റം മലപ്പുറം | |
| 2 | പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനറും പ്രിന്ററും വാങ്ങൽ (262/18) | സെക്രട്ടറി | 109500 | പെൻഡ്രോൺ ഇൻഫോ സിസ്റ്റം മലപ്പുറം | |
| 3 | NRHM ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ (263/18) | സെക്രട്ടറി | 48600 | നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ | |
| 4 | പഞ്ചായത്തിലെ സർക്കാർ പ്രൈമറി സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ (119/18) | ഹെഡ് മാസ്റ്റർ | 385000 | കെൽട്രോൺ | |
| 5 | കൃഷി ഭവന് അനുബന്ധ ഉപകരണങ്ങൾ, ഫർണീച്ചർ വാങ്ങൽ (156/18) | കൃഷി ഓഫീസർ | 75600 | നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ | |
| 6 | PHC യിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ (18/18) | MO(PHC) | 68000 | നെപ്ട്രോ സിസ്റ്റം മലപ്പുറം. | |
| 7 | VEO ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും മറ്റ് ഓഫീസ് ഫർണീച്ചറും വാങ്ങൽ (266/18) | VEO | 48600 | നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ | |

| | | | | | |
|---|---|---|---|---|---|
| 8 | ICDS സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും മറ്റ് ഓഫീസ് ഫർണീച്ചറും വാങ്ങൽ (265/18) | ICDS സൂപ്പർവൈസർ | 60600 | നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ | |
| 9 | എഞ്ചിനീയറിംഗ് വിങ്ങിന് ഉപകരണങ്ങൾ വാങ്ങൽ (230/18) | അസിസ്റ്റന്റ് എഞ്ചിനീയർ | 20000 | പെൻഡ്രോൺ ഇൻഫോ സിസ്റ്റം മലപ്പുറം | |

ഒരു പദ്ധതിയായി, ഒരു ടെണ്ടർ നടപടിയിലൂടെ വാങ്ങലുകൾ നടത്താത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 10/18-3-2019 നംപർ ഓഡിറ്റ് എൻക്വയറിക്ക് ലോകബാങ്ക് ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഡമ്മി പ്രൊജക്ട് രൂപീകരിക്കാൻ അവസരം ലഭിക്കുകയും അതാത് ഘടകസ്ഥാപനങ്ങളിലെ വാങ്ങലുകൾ അതാത് നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന രീതിയിലുമായതിനാലാണെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി പൂർണ്ണമായും അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-14 വാഹന ഇൻഷ്വറൻസ് അധികം അടച്ചു

വൗച്ചർ നംപർ 21700096/02-05-17 പ്രകാരം 24972 രൂപ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് അടക്കുന്നതിന്ന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇൻഷ്വറൻസ് രശീതി പ്രകാരം 24146 രൂപ മാത്രമാണ് അടവാക്കിയിരിക്കുന്നത്. അധികം പിൻവലിച്ച 826 രൂപ 2019-20 ൽ ക്രമവൽക്കരിക്കാമെന്ന് ഇക്കാര്യമുന്നയിച്ച് നൽകിയ 11/18-3-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.തുടർനടപടിഅറിയിക്കേണ്ടതാണ്.

## 3-15 മരുന്നുകൾ ലഭ്യമായില്ല.

2017-18 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | ബിൽ/ചെക്ക് നമ്പർ തീയതി | അനുവദിച്ച തുക | ലഭ്യമായ മരുന്നുകളുടെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| 1 | 14/18 | പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | ബിൽ നമ്പർ 8/17-18 തി.28-10-17 | 2,50,000 | 1,88,248 | 61,752 |
| 2 | 17/18 | പരിരക്ഷാ പദ്ധതി (വികസനഫണ്ട്) | ബിൽ നമ്പർ 14/17-18 തി.21-11-17 | 90,255 | 1,41,024 | 6038 |
| | | | ബിൽ നമ്പർ 21/17-18 തി.25-1-18 | 56807 | | |
| | | | ചെക്ക് നമ്പർ 1872205/14-2-18 (ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 20,297 | 2,79,703 |

| | | | | | | |
|---|---|---|---|---|---|---|
| | | | വിഹിതം) | | | |
| | | ആകെ | | 6,97,062 | 3,49,569 | 3,47,493 |

3,47,493 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്.യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് രോഗചികിത്സയ്ക്ക് തടസ്സം ഉണ്ടാക്കുന്നുണ്ട്.ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുംവരെ 3,47,493 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇത് സംബന്ധിച്ച് നമ്പർ 12/18-3-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 3-16 ക്ഷീരസംഘം വഴിയുള്ള പാലിന് സബ്സിഡി രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്റ്റ് നമ്പർ | 10/17-18 |
| പ്രോജെക്റ്റിന്റെ പേര് | ക്ഷീരസംഘം വഴിയുള്ള പാലിന് സബ്സിഡി സംബന്ധിച്ച് |
| അടങ്കൽ | വികസനഫണ്ട്-69857<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-50000<br>ചെക്ക് നമ്പർ 1872207/27-3-18 |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസനസ്റ്റാന്റിംഗ് കമ്മിറ്റി-1(1) തി. 26-5-17 |
| ബിൽ നമ്പർ/തീയതി | 1/17-18 തി.30-10-17 – 48323 രൂപ<br>3/17-18 തി.26-2-18 – 21534 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-50000 രൂപ<br>ആകെ-119857 രൂപ |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ബിൽ നമ്പർ 1/30-10-17 പ്രകാരം തടത്തിൽകുണ്ട് ക്ഷീരസംഘം വടക്കാങ്ങരയിലെ 25 പേർക്കും ബിൽ നമ്പർ 3/26-2-18 പ്രകാരം 20 പേർക്കും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 50000 രൂപ ഉപയോഗിച്ച് 13 പേർക്കും സബ്സിഡി അനുവദിച്ചിട്ടുണ്ട്.മേൽ പ്രോജെക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹത തെളിയിക്കുന്ന അനുബന്ധ രേഖകളും ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2 2017 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ കാലയളവിലെ പ്രതിമാസമുള്ള പാലളവ് ക്ഷീരസംഘത്തിന്റെ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3 കുഞ്ഞാലി കെ എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 1 പ്രകാരം 1529 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.എന്നാൽ ടിയാന്റെ പേര് പഞ്ചായത്ത് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.പരി

ശോധിച്ച് പ്രഥമമറുപടിയിൽ വിവരം അറിയിക്കേണ്ടതാണ്.

4 മോണിറ്ററിംഗ് കമമിറ്റി റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ അവശേഷിക്കുന്ന തുക1,19,857 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇത് സംബന്ധിച്ച് നമ്പർ 6/14-3-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 127500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 127500 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 127500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 127500 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 300000 | പരിരക്ഷാ പദ്ധതി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷി സ്കോളർഷിപ്പ് | 143600 | 6400 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 174300 | 25700 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | കാച്ചിനിക്കാട് വട്ടപറമ്പ് കുടിവെള്ള പദ്ധതി | 0 | 200000 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാറക്കടവ് കുടിവെള്ള പദ്ധതി | 0 | 200000 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | PHC യിൽ മാതൃ സൗഹൃത മുലയൂട്ടൽ കേന്ദ്രം | 0 | 200000 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 100000 | ബഡ്സ് സ്കൂൾ മെയ്ന്റനൻസ് | 0 | 100000 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 50000 | ക്ഷീരസംഘം വഴിയുള്ള പാലിന് സബ്സിഡി | 50000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പാറക്കടവ് പൈപ്പ് ലൈൻ പുനരുദ്ധാരണം | 70/17-18/17-1-18 | 40000 | 0 | 40000 |
| GWA | വിവിധ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം | 78/17-18/26-2-18 | 157740 | 0 | 157740 |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം | 2701047/26-3-18 | 151430 | 151430 | 0 |
| GWD | വിവിധ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം | 55/17-18/23-10-17 | 123570 | 0 | 123570 |
| GWD | MPGUPS ൽ കുഴൽകിണർ | 56/17-18/23-10-17 | 42890 | 0 | 42890 |
| GWD | പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളം | 15/17-18/30-6-17 | 75000 | 0 | 75000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 950000രൂപയിൽ300000രൂപ അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| എം എൻ ലക്ഷം വീട് പുനർ നിർമാണം | 126466/db/15/lsgd തീയതി 31-03-15 | 1470000.00 | 950000.00 | 300000.00 | 49137.00 | 650000.00 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം MDC ആശുപത്രി | 5000.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 120 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 2-2 | 120 | സതീഷ് കുമാർ | 117120106162/16-01-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 47 | 2002-03 | കാചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 49 | 2002-03 | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 60-1 | 2002-03 | പാറക്കടവ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 62-2 | 2002-03 | കാഞ്ഞാംപാടം ജലസേചന പദ്ധതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 63-1 | 2002-03 | തടത്തിൽകുണ്ട് പിലാപ്പറമ്പ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 64 a,b | 2002-03 | ചോലക്കൽ കുളമ്പ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 70 | 2002-03 | പൊള്ളോട്ട് ചിറമണ്ണ് സംരക്ഷണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| 2000-01 | പൊതു പരാമർശം | 2002-03 | മാരാത്ത് കുളമ്പ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | പൊതു പരാമർശം | 2002-03 | ജലസേചന പദ്ധതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 00-01 | 29,31(a) | ശ്രീമതി പ്രേമലത | LF19478/sol cell/sc5 /04/30-1-17 | 2190 | Rs 2119 Rt 78076/12 /3-5-17 | | | | 2119 | 71 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോ ർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാ ദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 98-99 | 29,32 | ശ്രീമതി കെ എസ് വൽസമ്മ | LF 19756 /Spl cell /SC/5/ 03/ 19-4-04 | 976 | - | - | - | - | - | - | ലഭ്യമല്ല |
| 2 | 98-99 | 33,35 | പി സുകുമാരൻ | LF 19756/ Spl cell/SC /5/03/ 19-4-04 | 4776 | | | | | | 4766 | |
| 3 | 99-00 | 38(1),40 | ശ്രീമതി കെ എസ് വൽസമ്മ | LF 741 /Spl cell /SC/06/ 8-7-08 /11-7-08 | 21154 | | | 21154 | | | 21154 | OP 219/18 OP allowed 30-11-17 |
| 4 | 99-00 | 32 | ശ്രീമതി മനബായി | LF 741/ Spl cell/ SC/06/ 1-10-18 | 5913 | | | | | | 5913 | |
| 5 | 2000-01 | 33/37, 47,48 ,49, 59(1), 60(1), (2), | ശ്രീമതി കെ എസ് വൽസമ്മ | LF 19478 /Spl cell/SC /04/ 30-1-17 | 170153 | | OP 92/2007 | | | | 170153 | നിലവിൽ സർചാർജ് നടപടിയിൽ നിന്ന് ഒഴിവാക്കി യിട്ടുണ്ട്. |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 62(1), (2), 63(1), 64(a,b), 70 | | | | | | | | | | |
| 6 | 02-03 | 10,17, 12(1) | ശ്രീമതി പ്രേമലത കെ | LF 22241 /Spl cell/sc 5/05 | 4652 | | | | | | 4652 | |
| 7 | 97-98 | 32-2, 33,34(4), (5),35, 36(5), 42, 45,46, 50,51, 52,53, 54,55. | പി സുകമാരൻ സെക്രട്ടറി | LF16691 /spl cell /sc5/04/ 31-12-15 | 127344 | | | | | | 127344 | |
| 8 | 02-03 | 10,12 (1),17 | എ എം മുഹമ്മദ് ബഷീർ സെക്രട്ടറി | LF22241 /spl cell/sc 5/05/ 3-2-09 | 216,1296,3140 | 1512(Rt 3992/17 /7-3-16 | | | | 1512 | 3140 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46789536 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51000231 |
| വരവിനങ്ങളിലുള്ള നഷ്ടം | nil |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14524 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 467350 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 14524 | മുജീബ് റഹ്മാൻ പി.എം<br>അസി. എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15 | 347493 | Dr. ബിന ശശിധരൻ, മെഡിക്കൽ ഓഫീസർ (PHC) |
| 3-15 | 119857 | ശ്രീമതി. നസീമ.കെ, ക്ഷീര വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുജീബ് റഹ്മാൻ പി.എം<br>അസി. എൻജിനീയർ | എടരിക്കോട്,<br>അസി. എൻജിനീയർ,<br>ഗ്രാമ പഞ്ചായത്ത്. | പിച്ചൻമഠത്തിൽ വീട്,<br>കച്ചേരിപറമ്പ്, വെസ്റ്റ് കോഡൂർ, മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 | |
| 1997-98 | LFM-14/1475/01/28.10.10 | 15 | |
| 1999-00 | LFM-14/1477/01/28.10.10 | 12 | |
| 2000-01 | LFM-14/720/02/28.10.10 | 12 | |
| 2001-02 | LFM-11/1545/02/28.10.10 | 1 | |
| 2002-03 | LFM-11/965/04/28.10.10 | 2 | |
| 2003-04 | LFM-11/231/05/28.10.10 | 1 | |
| 2004-05 | LFM-12/1895/08/28.10.10 | 3 | |
| 2005-06 | LFM-12/948/11/3.8.11 | 6 | |
| 2006-07 | LFM-17/1758/(2)/10/23.10.10 | 9 | |
| 2007-08 | LFM-12/1534/11/13.9.11 | 15 | |
| 2008-09 | LFM-12/1535/11/13.9.11 | 10 | |
| 2009-10<br>2010-11 | LFM-13/777/13/5.6.2013 | 22 | |
| 2011-12<br>2012-13 | KSAMPM-13/1145/2014/3.7.14 | 16 | |
| 2013-14<br>2014-15 | KSAMPM-13/1145/2014/3.7.14 | 6 | |
| 2015-16 | KSAMPM-13/16/2017 /5-02-17 | 11 | |
| 2016-17 | KSAMPM-13/1293/2017 /16.06.2017 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിററ് വകുപ്പ്

# 5-1

## അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951


തീയ്യതി .

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും,പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും,22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 വാർഷിക കണക്കുകൾ ശരിയായവിധത്തിൽ സൂക്ഷിയ്ക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്